ജനങ്ങളുടെ എതിർപ്പുമൂലം ഉപേക്ഷിക്കേണ്ടി വന്ന പദ്ധതികൾ

69 (125) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതുവരെ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിയതും ഇത് സംബന്ധിച്ച് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന പത്രമാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തി മുഖ്യമന്ത്രിയോ മറ്റ് മന്ത്രിമാരോ ഉദ്ഘാടനങ്ങൾ നടത്തുകയും പിന്നീട് ജനങ്ങളുടെ എതിർപ്പുമൂലമോ മറ്റേതെങ്കിലും വിധേനയോ ഉപേക്ഷിക്കേണ്ടി വന്നതുമായ എത്ര പരിപാടികളുണ്ട് ;

(ബി) ശരിയായ ആസൂത്രണമോ സർക്കാർ പരിപാടികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളോ ഇല്ലാതെ നടത്തുന്ന ഇത്തരം പരിപാടികൾക്ക് മാധ്യമങ്ങൾ മുഖേനയും മറ്റും നൽകുന്ന പരസ്യങ്ങൾക്കും മറ്റും ഉണ്ടാകുന്ന വൻബാധ്യത ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) അടുത്ത കാലത്ത് തിരുവനന്തപുരത്തെ ഒരു പ്രധാന റോഡ് ഗതാഗതം നിറുത്തി വച്ച് പ്രഭാത സവാരിക്ക് തുറന്നു കൊടുക്കുന്ന ചടങ്ങ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായോ ; പ്രസ്തുത ചടങ്ങിനോടനുബന്ധിച്ച് സംസ്ഥാനത്തെ പത്രമാധ്യമങ്ങൾക്ക് എത്ര ലക്ഷം രൂപയുടെ പരസ്യം നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) റോഡ് അടച്ച് പ്രഭാത സവാരിക്കായി മുഖ്യമന്ത്രി തുറന്നു കൊടുത്ത പ്രസ്തുത പരിപാടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഒരു പരിപാടി

(ബി-ഡി) മ്യൂസിയം ഗ്രൗണ്ടിൽ വർഷംതോറും വർദ്ധിച്ചുവരുന്ന പ്രഭാത സവാരിക്കാരുടെ എണ്ണം കണക്കിലെടുത്തും വ്യായാമത്തിന്റെ കുറവുമൂലം വർദ്ധിച്ചു വരുന്ന ജീവിത ശൈലി രോഗങ്ങളുടെ നിയന്ത്രണവും കണക്കിലെടുത്ത് വ്യായാമം ഒരു ശീലമാക്കുന്നതിനും കുടുംബസമേതം പ്രഭാത സവാരി നടത്തുന്നതിനും സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടിയാണ് പരീക്ഷണാർത്ഥം മ്യൂസിയം-വെള്ളയമ്പലം റോഡിൽ രാവിലെ 5 മുതൽ 7 വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയത്. ഈ തീരുമാനത്തിന് പ്രഭാത സവാരിക്കാരുടെ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ പിന്തുണ ഉണ്ടായിരുന്നു. ചില കേന്ദ്രങ്ങളിൽ നിന്നും ഉയർന്നുവന്ന പ്രതിഷേധം കണക്കിലെടുത്ത് തീരുമാനം പിൻവലിക്കുകയും ചെയ്തു. പത്രമാധ്യമങ്ങളിൽ പരസ്യം നൽകിയ വകയിൽ 1,32,980 രൂപ ഇതിനായി ചെലവായിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡാണ് ഈ തുക ചെലവഴിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly